**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3578 15.03.2018-ലെ മറുപടിയ്ക്ക്

## ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിക്കായി വിദ്യാലയങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, അപേക്ഷിക്കേണ്ട വിധം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | 2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി, മികച്ച കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 11 കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി". അന്തർദേശീയ, ദേശീയ, സംസ്ഥാന മത്സരങ്ങളിലെ മികച്ച പ്രകടനങ്ങളുടെ അടിസ്ഥാനത്തിലും കായിക ക്ഷമതയുടെ അടിസ്ഥാനത്തിലും, അതാത് കായിക അസോസിയേഷനുകൾ മുഖേനയാണ് പ്രസ്തുത പദ്ധതിയിലേക്ക് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നത്. |

**സെക്ഷൻ ഓഫീസർ**